**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6051** **17-03-2023 - ൽ മറുപടിയ്ക്ക്**

**ലീന കെ.ഒ. യുടെ ആശ്രിതർക്ക് ലഭിയ്ക്കേണ്ട തുക അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ സി.എം.എൽ.പി. സ്കൂൾ അദ്ധ്യാപികയായിരുന്ന ലീന കെ.ഒ. മരണപ്പെട്ടതിനെത്തുടർന്ന് ആശ്രിതർക്ക് ലഭിയ്ക്കേണ്ട തുകയ്ക്കായി സ്പാർക്ക് മുഖേന സമർപ്പിച്ച ബില്ലിൽ മൂന്ന് ആശ്രിതരിൽ ഒരാളായ അഞ്ജു ജോൺസന്റെ അക്കൗണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ആകാത്ത പ്രശ്നത്തിൽ പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | തൃശ്ശൂർ സി.എം.എൽ.പി.സ്കൂൾ അദ്ധ്യാപികയായിരുന്ന ലീന.കെ.ഓ മരണപ്പെട്ടതിനെത്തുടർന്ന് ആശ്രിതർക്ക് ലഭിക്കേണ്ട തുകയ്ക്കായി സ്പാർക്ക് മുഖേന സമർപ്പിച്ച ബില്ലിൽ മൂന്ന് ആശ്രിതരിൽ ഒരാളായ അഞ്ജു ജോൺസൻറെ അക്കൌണ്ടിലേക്ക് തുക ക്രെഡിറ്റ് ആകാത്ത പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. അഞ്ജു ജോൺസൻറെ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ ഡി ഡി ഓ തെറ്റായി അപ്ഡേറ്റ് ചെയ്തതിനാലാണ് തുക അക്കൌണ്ടിൽ ക്രെഡിറ്റ് ആകാഞ്ഞത്. ഇത് സംബന്ധിച്ച് സാങ്കേതിക തടസങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. |
| (ബി) | സാങ്കേതിക പ്രശ്നങ്ങൾ മൂലം സ്പാർക്ക് മുഖേന നടത്തുന്ന ട്രാൻസാക്ഷനുകളിലെ കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | തൃശ്ശൂർ സി.എം.എൽ.പി.സ്കൂൾ അദ്ധ്യാപികയായിരുന്ന ലീന.കെ.ഓ മരണപ്പെട്ടതിനെത്തുടർന്ന് ആശ്രിതർക്ക് ലഭിക്കേണ്ട തുകയ്ക്കായി സ്പാർക്ക് മുഖേന സമർപ്പിച്ച ബില്ലിൽ മൂന്ന് ആശ്രിതരിൽ ഒരാളായ അഞ്ജു ജോൺസൻറെ അക്കൌണ്ടിലേക്ക് തുക ക്രെഡിറ്റ് ആകാത്ത പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. അഞ്ജു ജോൺസൻറെ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ ഡി ഡി ഓ തെറ്റായി അപ്ഡേറ്റ് ചെയ്തതിനാലാണ് തുക അക്കൌണ്ടിൽ ക്രെഡിറ്റ് ആകാഞ്ഞത്. ഇത് സംബന്ധിച്ച് സാങ്കേതിക തടസങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ